"ഭരണഭാഷ-മാതൃഭാഷ"

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ
കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ പി ഒ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website:
www.celsgd.kerala.gov.in

നം. DB3/6512(C)/2013/CE/LSGD തീയതി: 12.05.2022

## സർക്കുലർ

വിഷയം:- തസ്വഭവ (LID&EW) – തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ e-mbook ഉൾപ്പെടുന്ന PRICE 3 നടപ്പാക്കുന്നത് – സംബന്ധിച്ച്.

സൂചന :- 24/03/2022 ലെ ഈ കാര്യാലയത്തിലെ ഇതേ നം. സർക്കുലർ

സൂചന (1) സർക്കുലർ പ്രകാരം PRICE 1 Estimate കളുടെ സാങ്കേതികാനുമതി 2022 ഏപ്രിൽ 30 നകം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പല കാര്യാലയങ്ങളിലും ഈ സമയ പരിധിക്കുള്ളിൽ പല കാരണങ്ങളാലും എല്ലാ എസ്റ്റിമേറ്റുകൾക്കും സാങ്കേതികാനുമതി നൽകാൻ സാധിച്ചിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ കാര്യാലയത്തിൽ നിന്നുള്ള അഭ്യർത്ഥന പ്രകാരം 15/05/2022 വരെ PRICE 1 ന്റെ സേവനം ലഭ്യമാകുമെന്ന് NIC അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ PRICE 1 ലൂടെ ആരംഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി നടപടി ക്രമം 15/05/2022 വരെ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു. 15/05/2022 നുള്ളിൽ PRICE 1 ൽ TS ലഭ്യമാക്കാൻ സാധിക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE3 മുഖേന പുതുതായി ആരംഭിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ആയതിലേയ്ക്കായി ആവശ്യമുള്ള പക്ഷം നിലവിലെ എസ്റ്റിമേറ്റ് ID ഉപയോഗിച്ച് PRICE 1 ൽ നിന്നും Detailed estimate, Report മറ്റ് അനുബന്ധരേഖകൾ എന്നിവ 15/05/2022 നുള്ളിൽ Download ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാത്തിന്റെ ജോലിഭാരം കണക്കിലെടുത്തും എം.ബുക്ക്, RE, Bill എന്നിവ എഴുതി തയ്യാറാക്കുന്നത്

ഒഴിവാകുന്നതിലൂടെയുള്ള സമയലാഭം പരിഗണിച്ചും ഇതിനോടകം PRICE 1 ലൂടെ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്കും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ലെങ്കിൽ താൽപ്പര്യമുള്ള പക്ഷം PRICE 3 ലൂടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപടികൾ ക്രമങ്ങൾ പൂർത്തീകരിക്കാവുന്നതാണ്.

**ചീഫ് എഞ്ചിനീയർ**

As/-